**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3829** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൊഴിലന്വേഷകരായ നൈപുണ്യ പരിശീലനം ലഭിച്ച അഭ്യസ്തവിദ്യരുടെ വിവരങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ഇതിന്റെ ഭാഗമായി ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം തൊഴിലന്വേഷകർക്കായി സജ്ജമാക്കിയിട്ടുണ്ട്. തൊഴിൽ അന്വേഷകർക്ക് ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത് ലിങ്ക്ഡ് ഇൻ, നൗകരി പ്ലാറ്റ്ഫോമിന്റെ മാതൃകയിൽ പ്രൊഫൈൽ പൂർത്തിയാക്കാവുന്നതാണ്. ഇത് വെബ് പോർട്ടലിലൂടെയും സ്മാർട്ട് ഫോണിൽ DWMS Connect എന്ന ആപ്പിലൂടെയും ചെയ്യാവുന്നതാണ്. തൊഴിൽ ദാതാക്കൾക്ക് തൊഴിലന്വേഷകരുടെ പ്രൊഫൈൽ പരിശോധിച്ച് അനുയോജ്യരായവരെ തിരഞ്ഞെടുക്കാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. തൊഴിൽ ലഭ്യത വർധിപ്പിക്കാനായി തൊഴിൽ അന്വേഷകർക്ക് വിവിധ ക്യൂറേഷൻ സേവനങ്ങളും പോർട്ടലിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഇത് കൂടാതെ തൊഴിലന്വേഷകരുടെ നൈപുണ്യ വികസനത്തിനായി വിവിധ നൈപുണ്യ പരിശീലന പരിപാടികളും ഈ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. അസാപ് കേരള, KASE മുതലായ നൈപുണ്യ വികസന ഏജൻസികളിൽ നിന്ന് പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്കും ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ ആഗോള കമ്പനികളിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ഇതിന്റെ ഭാഗമായി ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം തൊഴിലന്വേഷകർക്കായി സജ്ജമാക്കിയിട്ടുണ്ട്. തൊഴിൽ അന്വേഷകർക്ക് ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത് ലിങ്ക്ഡ് ഇൻ, നൗകരി പ്ലാറ്റ്ഫോമിന്റെ മാതൃകയിൽ പ്രൊഫൈൽ പൂർത്തിയാക്കാവുന്നതാണ്. ഇത് വെബ് പോർട്ടലിലൂടെയും സ്മാർട്ട് ഫോണിൽ DWMS Connect എന്ന ആപ്പിലൂടെയും ചെയ്യാവുന്നതാണ്. തൊഴിൽ ദാതാക്കൾക്ക് തൊഴിലന്വേഷകരുടെ പ്രൊഫൈൽ പരിശോധിച്ച് അനുയോജ്യരായവരെ |

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുക്കാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. തൊഴിൽ ലഭ്യത വർധിപ്പിക്കാനായി തൊഴിൽ അന്വേഷകർക്ക് വിവിധ ക്യൂറേഷൻ സേവനങ്ങളും പോർട്ടലിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഇത് കൂടാതെ തൊഴിലന്വേഷകരുടെ നൈപുണ്യ വികസനത്തിനായി വിവിധ നൈപുണ്യ പരിശീലന പരിപാടികളും ഈ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. അസാപ് കേരള, KASE മുതലായ നൈപുണ്യ വികസന ഏജൻസികളിൽ നിന്ന് പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്കും ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (സി) | എത്ര തൊഴിലവസരങ്ങളാണ് ഇതിനോടകം ഇപ്രകാരം ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | 4,46,529 തൊഴിലവസരങ്ങൾ ഇതുവരെ DWMS ൽ ലഭ്യമാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ